# പതിമൂന്നാം കേരളനിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.286 — 21.12.2012-ൽ മറുപടിക്ക്.

## പഞ്ചായത്ത് ഓഫീസുകളിലെ ഫ്രണ്ട് ഓഫീസ് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.എം.എ വാഹീദ്<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) പഞ്ചായത്ത് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുവാനുദ്ദേശിക്കുന്നുണ്ടോ; | (എ) പുതുതായി രൂപീകരിച്ച ഇടുക്കി ജില്ലയിലെ ഇടമലക്കുടി ഗ്രാമ പഞ്ചായത്തൊഴികെ സംസ്ഥാനത്തെ എല്ലാ പഞ്ചായത്ത് ഓഫീസുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത ഓഫീസുകളുടെ ഉദ്ദേശ്യവും പ്രവർത്തന രീതിയും എന്തൊക്കെയാണ്; | (ബി) പൊതുജനങ്ങൾക്കുള്ള സേവനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനും പഞ്ചായത്തിൽ സദ്ഭരണവും ഉയർന്ന നിലവാരത്തിലുള്ള സേവന പ്രദാനവും ആദ്യം വരുന്നവർക്ക് ആദ്യം എന്ന തത്വം അടിസ്ഥാനമാക്കി കാര്യ ക്ഷമവും സുതാര്യവുമായ സേവനം ഉറപ്പു വരുത്തുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഇക്കാര്യങ്ങൾ നടപ്പാക്കുന്നതിനായി ഓഫീസിലെത്തുന്ന അപേക്ഷകൾ രജിസ്റ്റർ വെച്ച് |

അതിൽ രേഖപ്പെടുത്തി കൈപ്പറ്റുന്ന രസീത് നൽകി മുൻഗണനാ ക്രമത്തിൽ സേവനം നൽകുന്ന പ്രവർത്തന രീതിയാണ് നടപ്പാക്കിയിട്ടുള്ളത്. ഇതിലൂടെ പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും അപേക്ഷകളിന്മേലും പരാതികളിന്മേലും കാലതാമസം ഒഴിവാക്കി തീരുമാനങ്ങൾ എടുക്കുന്നതിനും അഴിമതി ഇല്ലാതാക്കുന്നതിനും സുതാര്യത കൈവരിക്കുന്നതിനും ലക്ഷ്യമിടുന്നു.

(സി) ഏതെല്ലാം സേവനങ്ങളാണ് പ്രസ്തുത ഓഫീസുകൾ വഴി ജനങ്ങൾക്ക് ലഭ്യമാക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

(സി) ഫ്രണ്ട് ഓഫീസ് വഴി ലഭ്യമാകുന്ന സേവനങ്ങളും ഫ്രണ്ട് ഓഫീസ് മാർഗ്ഗരേഖയും ഉൾക്കൊള്ളുന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് വഴി പൊതുജനങ്ങൾക്ക് ലഭിക്കുന്ന പ്രധാനപ്പെട്ട സേവനങ്ങളിൽ ഉൾപ്പെടുന്നവയാണ് ജനന-മരണ രജിസ്ട്രേഷൻ, അവയുടെ സർട്ടിഫിക്കറ്റുകൾ, വിവാഹ രജിസ്ട്രേഷൻ, അവയുടെ സർട്ടിഫിക്കറ്റ്, വിവിധതരം പെൻഷനുകൾ, തൊഴിൽ രഹിത വേതനം, കെട്ടിട നിർമ്മാണത്തിനുള്ള പെർമിറ്റ്, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, വ്യാപാരവ്യവസായ സ്ഥാപനങ്ങൾക്കുള്ള ലൈസൻസ് എന്നിവ. എല്ലാത്തരം അപേക്ഷകളും ഫ്രണ്ട്

ഓഫീസിൽ സ്വീകരിക്കപ്പെടും. കൈപ്പറ്റ് രസീത്, സേവനം ലഭ്യമാകുന്ന തീയതി സംബന്ധിച്ച അറിയിപ്പ്, അന്വേഷണങ്ങൾക്കും സംശയങ്ങൾക്കുള്ള മറുപടി, ഫോറങ്ങൾ ഇവ ഫ്രണ്ട് ഓഫീസിൽ നിന്ന് ലഭിക്കും. വ്യക്തിഗതാനുകൂല്യങ്ങൾക്കും ഗുണഭോക്തൃ തിരഞ്ഞെടുപ്പിനുള്ള അപേക്ഷകൾ എന്നിവയുടെ സ്വീകരണവും ഫ്രണ്ട് ഓഫീസ് മുഖേനയാണ്. എല്ലാത്തരം പണമിടപാടുകളും ഫ്രണ്ട് ഓഫീസ് വഴി നടത്താവുന്നതാണ്.

സെക്ഷൻ ഓഫീസർ